"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-കണ്ണൂർ കോർപ്പറേഷൻ- കാഴ്ചപരിമിതിയുള്ള വ്യക്തിക്ക് വീടിനോട് ചേർന്ന് മുറി നിർമ്മിച്ച് നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.630/2025/LSGD തീയതി,തിരുവനന്തപുരം, 06-03-2025

---

പരാമർശം:-
1. ശ്രീമതി.നസീറ.എം.കെ, സാധു കമ്പനി റോഡ്, താണ, കണ്ണൂർ എന്ന വ്യക്തിയുടെ 23.08.2024 ലെ അപേക്ഷ
2. വീകേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025 ലെ 4.4-ാം നമ്പർ തീരുമാനം

**ഉത്തരവ്**

കണ്ണൂർ കോർപ്പറേഷനിൽ താമസിക്കുന്ന ശ്രീമതി.നസീറ.എം.കെ, സാധു കമ്പനി റോഡ്, താണ, കണ്ണൂർ പൂർണ്ണമായും കാഴ്ചശക്തി ഇല്ലാത്ത വ്യക്തിയാണു താനെന്നും താമസിക്കുന്ന വീട്ടിൽ സൗകര്യപ്രദമായ മുറിയില്ലാത്തത് വിവാഹത്തിന് തടസ്സമായി നിൽക്കുന്നുവെന്നും മാതാപിതാക്കൾ വൃദ്ധരും മറ്റ് സഹോദരങ്ങൾ ഇല്ലാത്തവരുമാണെന്നും 40 വയസ്സുള്ള തന്റെ ഭാവി സുരക്ഷിതമാക്കാൻ ഭവന സൗകര്യം (പ്രത്യേക മുറി) ഒരുക്കി നൽകണമെന്നും പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

30.01.2025 ൽ കൂടിയ വീകേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗുണഭോക്താവിന്റെ കാഴ്ചപരിമിതി കൂടി പരിഗണിച്ച് പരമാവധി രണ്ട് ലക്ഷം രൂപ വരെ ചെലവഴിച്ച് 100 ചതുരശ്ര അടിയുള്ള മുറി ആവശ്യമായ പ്രത്യേക സൗകര്യത്തോടെ നിർമ്മിക്കാൻ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
സെക്രട്ടറി, കണ്ണൂർ കോർപ്പറേഷൻ
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 07-03-2025 10:48:09

സെക്ഷൻ ഓഫീസർ